"ഭരണഭാഷ-മാതൃഭാഷ"

No.DWCD/933/2023-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 06-04-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

## വിജ്ഞാപനം

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള താൽക്കാലിക നിയമനം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ജി.ഒ.(പി) നം. 77/2012/എസ്.ജെ.ഡി., തീയതി. 27.12.2012

2. സർക്കാർ കത്ത് നം. എ1/252/2016/സാനീവ., തീയതി. 04.07.2017, 07.08.2017

വനിത ശിശുവികസന വകുപ്പിലെ വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലുള്ള ഒഴിവുകളിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 9 (എ)(i) പ്രകാരം താൽക്കാലിക നിയമനം നൽകുവാൻ സർക്കാർ അനുമതിയുണ്ട്. ഇതിനായി വകുപ്പിൽ ഒഴിവുള്ള വനിത പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള വനിതാ ജീവനക്കാരുടെ താൽക്കാലിക നിയമനം നടത്തുന്നതിന് സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലേയ്ക്ക് താത്ക്കാലിക നിയമനം നേടുവാൻ താൽപര്യമുള്ള സൈക്കോളജി, സോഷ്യൽ വർക്ക് അല്ലെങ്കിൽ സോഷ്യോളജിയിലുള്ള ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമബിരുദമോ വിദ്യാഭ്യാസ യോഗ്യതയുള്ളവരും സാമൂഹ്യനീതി വകുപ്പ്/ വനിത ശിശു വികസന വകുപ്പിൽ 10 വർഷം സേവനകാലാവധി പൂർത്തിയാക്കിയിട്ടുള്ളവരുമായ വനിത ശിശുവികസന വകുപ്പിലെ വനിത ജീവനക്കാർക്ക് അപേക്ഷിക്കാവുന്നതാണ്.

വയനാട് ജില്ലയിലെ ഒഴിവിലേയ്ക്ക് താത്ക്കാലിക നിയമനം നേടുവാൻ താൽപര്യമുള്ള വനിത ജീവനക്കാർക്ക് മേൽ പറയുന്ന വിദ്യാഭ്യാസ യോഗ്യതയോടൊപ്പം വകുപ്പിൽ 5 വർഷത്തെ സേവന പരിചയം മതിയാകും.

പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ നിയമനം നേടാൻ താൽപര്യമുള്ള വനിത ജീവനക്കാർ ഇതോടൊപ്പം ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ കാര്യാലയ മേധാവി മുഖേന 25/04/2025 വൈകുന്നേരം 5.00 മണിക്ക് മുൻപായി വനിത ശിശുവികസന ഡയറക്ടർക്ക് ഇ മെയിൽ (wcdestablishment2017@gmail.com) മുഖേനയോ അല്ലാതെയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യരായവരെ ഒഴിവുള്ള തസ്തികയിലേയ്ക്ക് K.S & S.S.R ഭാഗം 2 ചട്ടം 9(എ) (1) പ്രകാരം താൽക്കാലിക നിയമനത്തിന് പരിഗണിക്കുന്നതുമാണ്.

വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുന്ന

ജീവനക്കാർക്ക് ഭാവിയിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനോ സീനിയോറിട്ടിയ്ക്കോ പ്രത്യേക അവകാശവാദം ഉന്നയിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാരുടെ നിയമനം സംബന്ധിച്ച വനിത ശിശു വികസന ഡയറക്ടറുടെ തീരുമാനം അന്തിമമായിരിയ്ക്കും.

വനിത ശിശുവികസന ഡയറക്ടർ

## പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് (മലയാളത്തിൽ) | |
| | ജീവനക്കാരന്റെ പേര് (ഇംഗ്ലീഷിൽ) | |
| 2 | ജനനതീയതി (അക്കത്തിലും അക്ഷരത്തിലും) | |
| 3 | SC/ST | |
| 4 | വിദ്യാഭ്യാസ യോഗ്യത (ജനറൽ) | |
| 5 | വിദ്യാഭ്യാസ യോഗ്യത (സ്പെഷ്യൽ/ ഡിപ്പാർട്ട്മെന്റൽ) | |
| 6 | സാമൂഹ്യനീതി/ വനിത ശിശുവികസന വകുപ്പിൽ ജോലിയിൽ പ്രവേശിച്ച PSC നിയമന ശുപാർശ കത്ത് നമ്പരും തീയതിയും<br><br>PSC ജില്ല | |
| 7 | PSC മുഖേനയുള്ള നിയമനമല്ലെങ്കിൽ ഏത് തരത്തിലുള്ള നിയമനമാണ് (Employment Exchange/ Die-in-Harness compassionate Employment Scheme/ Sports Quota etc... give details)<br>നിയമനം സ്ഥിരപ്പെടുത്തിയ ഉത്തരവ് നമ്പരും തീയതിയും അധികാരിയും<br>നിയമനം ലഭിച്ച ജില്ല | |
| 8 | സാമൂഹ്യനീതി/വനിത ശിശുവികസന വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക<br>നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 9 | സാമൂഹ്യനീതി/ വനിത ശിശു വികസന വകുപ്പിൽ പൂർത്തീകരിച്ചിട്ടുള്ള സേവന കാലയളവ് | |
| 10 | നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 11 | നിലവിലത്തെ തസ്തികയുടെ പേര് | |

| | | |
|---|---|---|
| 12 | നിലവിലെ തസ്തികയിൽ നിയമിതനായത് സ്ഥാനക്കയറ്റത്താലാണെങ്കിൽ ഏത് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചു. സ്ഥാനക്കയറ്റ ഉത്തരവ് നമ്പരും തീയതിയും | |
| 13 | നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 14 | നിലവിലെ തസ്തികയിൽ ഇപ്പോൾ എത്ര വർഷം പൂർത്തീകരിച്ചു | |
| 15 | നിലവിലത്തെ ശമ്പള സ്കെയിൽ | |
| 16 | ഫോൺ നംമ്പർ, മറ്റു വിവരങ്ങൾ | |

സ്ഥലം:
തീയതി:

**അപേക്ഷകന്റെ ഒപ്പ്**

## സാക്ഷ്യപത്രം

ശ്രീമതി/ കുമാരി ...................................... നെ/യെ സംബന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവനപുസ്തകം പരിശോധിച്ച് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് സീൽ

**കാര്യാലയ മേധാവിയുടെ ഒപ്പ്,**
**തീയതി, ഉദ്യോഗപ്പേര്**